# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



# ഗവ.എൽ.പി.സ്കൂൾ രാമങ്കരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

പൊതുവിദ്യാലയങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ അധ്യയന വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും പദ്ധതികളും ചേർന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025- 26. കുട്ടികളിലെ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ് ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുസരിച്ച് കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്കും സഹായകമാകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപീകരിച്ചിരിക്കുന്നത്. സജീവമായ പി.റ്റി.എയുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെ പൂർത്തിയാക്കേണ്ട മികച്ച പ്രവർത്തനങ്ങളാണ് ഈ അക്കാദമികമാസ്റ്റർ പ്ലാനിൽ ചേർത്തിട്ടുള്ളത്.എല്ലാ പൊതു വിദ്യാലയങ്ങളെയും പോലെ രാമങ്കരി എൽ പി സ്കൂളും മുൻ വർഷങ്ങളിലേതുപോലെ പോലെ മികവിന്റെ പാതയിൽ തുടരാൻ അക്കാദമിക് മാസ്റ്റർപ്ലാൻ സഹായകമാകും

## ചരിത്രം

കിഴക്കിന്റെ വെനീസ് ആയ ആലപ്പുഴയിൽ കായലും തോടുകളും കൊണ്ട് സമൃദ്ധമായ ഒരു ചെറു ഗ്രാമമാണ് രാമങ്കരി .കർഷകഗ്രാമമായ രാമങ്കരയിയിലെ കുട്ടികൾ മൂന്നു കിലോമീറ്റർ ദൂരത്തുള്ള വേഴപ്ര എൽ പി സ്കൂളിലാണ് പഠിച്ചിരുന്നത് .യാത്ര സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്തു വള്ളം തുഴഞ്ഞും നീന്തിക്കയറിയുമാണ് അവർ അറിവിന്റെ വെളിച്ചം തേടിയത് ഈ കഷ്ടതകളിൽ നിന്നും രക്ഷ നേടാൻ ഇവിടെയും ഒരു വിദ്യാലയം ആവശ്യമാണെന്ന് ഇവിടുള്ളവർ തിരിച്ചറിഞ്ഞു .കുറെ നല്ല മനസ്സുകളുടെ ശ്രമഫലമായി 1914 ൽ ഈ സ്കൂൾ സ്ഥാപിതമായി .കാടഞ്ചേരിൽ ശേഖരപിള്ള എന്ന മഹത് വ്യക്തിയാണ് സ്കൂളിന് വേണ്ട സ്ഥലം നൽകിയത് .അങ്ങനെ രാമങ്കരി ഗവണ്മെന്റ് എൽ .പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു .രാമങ്കരി, മണലാടി, മാമ്പുഴക്കരി ,വെളിയനാട് എന്നീ പ്രദേശങ്ങളിലെ അനേകായിരം പേർക്ക് വിദ്യ പകർന്നു നൽകിയ ഈ സ്ഥാപനം 110 വയസ്സ് പിന്നിടുകയാണ് .

## ഭൗതികസൗകര്യങ്ങൾ

40.25 സെന്റ്സ് ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 2 കെട്ടിടങ്ങളിലായി 5 ക്ലാസ് മുറികളുണ്ട്. വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്ലറ്റ് സൗകര്യങ്ങൾ, ഒരു ഡിജിറ്റൽ ക്ലാസ് മുറി.മികച്ച കുടിവെള്ള സൗകര്യം.വൃത്തിയുള്ള പാചകമുറി .

## മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ

ശാസ്ത്രോത്സവത്തിൽ പ്രവർത്തിപരിചയമേള – വെളിയനാട് ഉപജില്ല LP വിഭാഗം ഓവറോൾ

വെളിയനാട് ഉപജില്ല കലോത്സവത്തിൽ എൽ പി വിഭാഗം ഓവറോൾ

ദേശാഭിമാനി അക്ഷരമുറ്റം ജനയുഗം ക്വിസ് മത്സരങ്ങളിൽ ഉപജില്ലാ വിഭാഗം വിജയം

വിദ്യാരംഗം സർഗോത്സവത്തിൽ വിജയം

വെളിയനാട് ഉപജില്ലപ്രീ പ്രൈമറി കലോത്സവത്തിൽ ഉന്നത വിജയം

വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികൾക്കുള്ള പാചക മത്സരത്തിൽ ഉപജില വിഭാഗം ഒന്നാം സ്ഥാനം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിൻറെ പേര് | :ഗവ.എൽ.പി സ്കൂൾ രാമങ്കരി |
| സ്ഥാപിതം | :1914 |
| സ്കൂൾ ഭരണവിഭാഗം | :സർക്കാർ |
| പഠന വിഭാഗങ്ങൾ | :പ്രീപ്രൈമറി, 1 മുതൽ 4 വരെ |
| ആകെ കുട്ടികൾ | : 21 |
| അധ്യായന മാധ്യമം | :മലയാളം |
| മേൽവിലാസം | :രാമങ്കരി പി.ഒ<br>രാമങ്കരി |
| ഫോൺ | : 8606856993 |
| സ്കൂൾ കോഡ് | :46405 |
| UDISE | :32111100503 |
| വിദ്യാഭ്യാസ ഉപജില്ല | :കുട്ടനാട് |
| റവന്യൂ ജില്ല | :ആലപ്പുഴ |
| ബി.ആർ.സി | :വെളിയനാട് |
| സി.ആർ.സി | :വേഴപ്ര |
| ഗ്രാമപഞ്ചായത്ത് - | :രാമങ്കരി |
| ബ്ലോക്ക് പഞ്ചായത്ത് | :വെളിയനാട് |
| ജില്ലാ പഞ്ചായത്ത് - | :ആലപ്പുഴ |
| നിയമസഭാമണ്ഡലം | :കുട്ടനാട് |
| ലോക്സഭാ മണ്ഡലം - | :മാവേലിക്കര |
| താലൂക്ക് | :കുട്ടനാട് |
| വില്ലേജ് | :രാമങ്കരി |
| ഇമെയിൽ | :govtlpsramankaryschl@gmail.com |
| സ്കൂൾവിക്കി | :Ramankarylps |

# പൊതുലക്ഷ്യങ്ങൾ

- പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസിലും ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് പരമാവധി നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം.
- കലാകായികപ്രവർത്തിപരിചയപഠനത്തിൽ പങ്കാളിത്തവും താൽ പര്യവും സാമൂഹ്യബോധം പരിസ്ഥിതി ജ്ഞാനം ആശയവിനിമയശേഷി എന്നിവ ഉറപ്പുവരുത്തണം.
- വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- പഠനത്തിൽ പിന്നാക്കാവസ്ഥ നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്കാവശ്യമായ പ്രത്യേക മൊഡ്യൂളുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തിക്കൊണ്ട് തയ്യാറാക്കും.
- കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും മാലിന്യനിർമാർ ജ്ജനം ഊർജ്ജസംരക്ഷണം എന്നിവ ഒരു സംസ്കാരമായി രൂപപ്പെടുത്തി
  യെടുക്കുന്നതിൽ ആവശ്യമായ പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യും.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം സൃഷ്ടിക്കും.
- ലൈബ്രറി,ജൈവവൈവിധ്യഉദ്യാനം എന്നിവ നവീകരിക്കും

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ വായിച്ചും പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി ഉറപ്പുവരുത്തൽ
- ആശയ ഗ്രഹണ വായന ഉറപ്പാക്കൽ
- വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും തെറ്റില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക
- സാഹിത്യാഭിരുചി വളർത്തുകയും അതോടൊപ്പം സർഗാത്മക രചനയ്ക്കുള്ള അവസരവും സൃഷ്ടിക്കുക
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ, കവിത, വർണ്ണന എന്നിവ തയ്യാറാക്കൽ
- ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് സ്വതന്ത്രമായി എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

| ക്രമ .നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരമുറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷരക്കാർഡ് നൽകൽ,വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രത്തെആസ്പദമാക്കി അടിക്കുറിപ്പ്,കഥപറയൽ കഥയെഴുതൽ,കഥ ബാക്കിയെഴുതൽ, കഥാപുസ്തകംനൽകൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | രണ്ട് മാസം<br>ജൂൺ- ആഗസ്റ്റ് | അധ്യാപകർ, പി.ടി.എ, ബി.ആർ.സി ,SRG<br>സ്പെഷ്യൽ ടീച്ചർ |
| 2 | മികച്ച വായനക്കാരൻ ആക്കി മാറ്റുന്നതിന് | വായനമാസാചരണം<br>വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾലൈബ്രറി നവീകരിക്കൽ | 1 വർഷം | അധ്യാപകർ പിടിഎ ഗ്രന്ഥശാല ബി ആർ |

| | | | | |
|---|---|---|---|---|
| | വായനക്കളരി | ഗ്രന്ഥശാലസന്ദർശനം<br>വായനോത്സവം<br>സംഘടിപ്പിക്കൽ<br>അസംബ്ലിയിലെ പത്രവായന<br>പോസ്റ്റർ രചന<br>ചിത്രരചന<br>ചിത്രവായന<br>വായനകാർഡ്<br>അമ്മവായന വായനക്കുറിപ്പ്<br>പുസ്തകപ്രദർശനം<br>വീട്ടിലെ ലൈബ്രറി<br>വായന<br>പതിപ്പ്,ആസ്വാദനക്കുറിപ്പ്<br>തയ്യാറാക്കൽ<br>ബാലസഭ<br>ദിനാചരണങ്ങൾ<br>ഡിജിറ്റൽവായന അഭിമുഖം | 1 വർഷം | സി<br>രക്ഷിതാക്കൾ<br>വിശിഷ്ട വ്യക്തികൾ |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | വായനയ്ക്ക്അവസരം<br>നൽകൽ<br>വായനക്കുറിപ്പ്<br>എൻറെകൈപ്പുസ്തകം<br>പോസ്റ്റർരചന<br>ദിനാചരണങ്ങളിലെ<br>മുദ്രാവാക്യം ആസ്വാദനക്കുറിപ്പ്<br>കേൾക്കൽ ആസ്വാദനക്കുറിപ്പ്<br>വർണ്ണന വിവരണം സംഭാഷണം<br>എന്നിവ തയ്യാറാക്കൽ<br>കഥപൂർത്തിയാക്കൽ<br>കവിതാരചന<br>വായനക്കാർഡ് നിർമ്മാണം<br>ബാലസഭ മികവ് | 1 വർഷം<br>1 വർഷം | അധ്യാപകർ പിടിഎ<br>ബി ആർ സി<br>രക്ഷിതാക്കൾ<br>വിദ്യാഭ്യാസ വിദഗ്ധർ |

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മലയാളത്തിളക്കം വായനക്കളരി എന്നീ പദ്ധതിക്ക് തുടക്കം കുറിക്കുകയും കുട്ടികളെ ക്ലാസുകളിലും സ്കൂൾതലത്തിലും മികവിലേക്ക് എത്തിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്തു മികവുത്സവത്തിന് സജ്ജരാക്കുന്നതിന് തീരുമാനിച്ചു. എല്ലാവർക്കും എഴുത്തും വായനയും ഉറപ്പാക്കും ആശയമായി ബന്ധപ്പെട്ട ഐസിടി സാധ്യത സജ്ജീകരിക്കും. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകി ആത്മ വിശ്വാസത്തോടുകൂടി അവതരിപ്പിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്

## പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടികൾ അർത്ഥപൂർണ്ണമായി ആശയഗ്രഹണം നടത്തുകയും അത് വിനിമയം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നു
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്നു
- ഇംഗ്ലീഷ് ഭാഷ കൂടുതലായി കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു
- ഇംഗ്ലീഷ് ഭാഷശേഷി വികാസത്തിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു

| Sl No. | Programme | Activity | Duration | Support |
|---|---|---|---|---|
| 1 | Listening skill | Pre-test<br><br>To develop listening skill and reading skill first<br><br>Games<br>Action song (Hello English activity)<br><br>Conversation<br>Skit<br>Role play<br>Stories<br>Choreography | June,July August | Teachers<br><br>BRC |
| 2 | Speaking skill | Description<br>Growing sentences<br>Picture reading<br>Picture Description<br>Self introduction<br>Assembly Activities<br>Speech<br>Day Celebration Activities<br>Activities<br>Book review<br>Quiz riddles<br>Readers Theatre | One year | Teachers<br><br>BRC<br><br>SMC |

| | | | | |
|---|---|---|---|---|
| 3 | Reading skill | Newspaper reading<br>Library book reading<br>Book review<br>Reading<br>Breaking news<br>Find words<br>Rhyming words<br>Describing words<br>Textbook<br>Activities 1-4 | 1 year | Teachers<br><br>BRC |
| 4 | Writing skill | Make Word web<br>Picture description<br>Word chain<br>Sentence chain<br>Make words and sentence<br>make riddles<br>Conversation<br>Add more lines<br>Develop story<br>Description<br>Notice<br>proclamation<br>Diary<br>Announcement<br>Magazine | One year | Teachers<br><br>BRC |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം</u>

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പുവരുത്തുകയും അവരെ മികച്ച പ്രശ്നപരിഹാര ശേഷി ഉള്ളവരായി മാറ്റുകയും ചെയ്യുക .
- കലാകായിക പ്രവർത്തി പഠന ആശയങ്ങൾ ഗണിതവുമായി ചേർത്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതത്തിലുള്ള പ്രാധാന്യം മനസ്സിലാക്കുന്നതിനും സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ കുട്ടികളിൽ കാര്യക്ഷമമായി ഉറപ്പിക്കുന്നതിന്.
- ഐസിടി അധിഷ്ഠിതവും പ്രക്രിയബന്ധിതവും ആയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പിന്നെ നിലവാരത്തിലുള്ള കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നിവയിലൂടെ ഗണിത പഠനം ഉറപ്പുവരുത്തുന്നു.

| ക്രമ.നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|---|
| 1 | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക<br><br>എല്ലാ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരായി മാറ്റുക<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക | പ്രീടെസ്റ്റ് ഗണിതാശയങ്ങൾ രൂപീകരിക്കൽ സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ തയ്യാറാക്കിയ ഗണിത കിറ്റുകൾ ഗണിത ചാർട്ട് ഗണിത മോഡലുകൾ ഐസിടി സാധ്യത എന്നിവ ഉപയോഗപ്പെടുത്തുന്നു.പ്രവർത്തിപരിചയ ശില്പശാല | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ,<br>പി.ടി.എ,<br>ബി.ആർ.സി<br>,SRG |

| | | | | |
|---|---|---|---|---|
| 2 | ഗണിത ശില്പശാല | ഗണിതം രസകരവും ലളിതവും ആക്കുന്നതിനായി ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെ സഹായത്തോടെ കൂടിയും ഗണിത പഠനോപകരണങ്ങൾ വഴിയും പരിശീലനം നൽകുകയും ശില്പശാല നടത്തുകയും ചെയ്യുന്നു<br>ഗണിത മോഡൽ<br>സംഖ്യപോക്കറ്റ്<br>അബാക്കസ്<br>കളിനോട്ട് ജാമ്യ രൂപങ്ങൾ എന്നിവ നിർമ്മിക്കുന്നു.ഒറിഗാമി ശില്പശാല<br>മെട്രിക് മേള | മൂന്നുമാസം കൂടുമ്പോൾ | രക്ഷിതാക്കൾ<br>അധ്യാപകർ<br>ബി ആർ സി |
| 3 | ഗണിത മൂല | ഗണിതകേളികൾ<br>ഗണിത പസിൽ<br>കുസൃതി കണക്ക്<br>ഗണിത പാട്ടുകൾ<br>രൂപങ്ങൾ ഗണിത ചാർട്ട് അളവ് പാത്രങ്ങൾ<br>ഈർക്കിലുകളുടെ കെട്ടുകൾ<br>അബാക്കസ്<br>സ്ഥാനവില പോക്കറ്റ്<br>ഭാരം അളക്കുന്ന യന്ത്രം തൂക്കുകട്ട<br>ക്ലോക്കുകൾ പാമ്പും കോണിയും ഐസിടി<br>സംഖ്യ കാർഡുകൾ<br>മാച്ചിങ് കാർഡുകൾ | 1 വർഷം | അധ്യാപകർ,<br>ബി.ആർ.സി<br>,SRG |

| | | | | |
|---|---|---|---|---|
| | | എന്നിവ പരിശീലനം നൽകുകയുംചെയ്യുന്നു | | |
| 4 | ഗണിത വിജയം ഉല്ലാസ ഗണിതം | ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള പാഠഭാഗവുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ | 1 വർഷം | അധ്യാപകർ ബി ആർ സി SRG രക്ഷിതാക്കൾ |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം</u>

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- നമുക്കുചുറ്റുമുള്ള അപകടങ്ങളെക്കുറിച്ചും സുരക്ഷാമാർഗ്ഗങ്ങളെക്കുറിച്ചും പ്രഥമ ശുശ്രൂഷയെക്കുറിച്ചും ബോധവാന്മാരാക്കുക
- പ്രകൃതി സംരക്ഷണത്തെക്കുറിച്ചും നിരീക്ഷണ മനോഭാവം വളർത്തുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ഇന്ത്യ, കേരളം എന്നിവയെക്കുറിച്ചും കലാരൂപങ്ങൾ, കായികം സംസ്കാരങ്ങൾ എന്നിവയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക
- ഐസിടി അധിഷ്ഠിതവും പ്രക്രിയബന്ധിതവും ആയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ശുചിത്വബോധമുള്ള വ്യക്തിയെയും സമൂഹത്തെയും സൃഷ്ടിക്കുക
- ശാസ്ത്രാവബോധം വളർത്തുക
- ശാസ്ത്രപരീക്ഷണങ്ങൾ, നിരീക്ഷണം, നിഗമനത്തിലെത്തൽ എന്നിവയിലൂടെ പ്രശ്നപരിഹരണ ശേഷി വളർത്തുക

| ക്രമ. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|---|
| 1 | പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനു ം | പ്രകൃതി നടത്തം<br>ജൈവവൈവിധ്യ പാർക്ക്<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>പോസ്റ്റർ രചന<br>പരിസ്ഥിതി ദിനാചരണം<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>ബോധവല്ക്കരണപ്രവർ ത്തനങ്ങൾ<br>നാട്ടറിവുകൾ ശേഖരിക്കൽ<br>കർഷകരമായി അഭിമുഖം | | അധ്യാപകർ<br>ബി ആർ സി<br>SRG<br>രക്ഷിതാക്കൾ<br>കർഷകർ |

| | | | | |
|---|---|---|---|---|
| | | കൃഷിയിടത്തിലേക്ക് നടത്തം | | |
| 2 | ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള, പ്രദർശനം, അഭിമുഖം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും<br>മില്ലറ്റ് മാസാചരണം<br>ദിനാചരണങ്ങൾ | ആഗസ്റ്റ് ഒക്ടോബർ | |
| 3 | ശുചിത്വബോധമുള്ള വ്യക്തിയെയും സമൂഹത്തെയും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ<br>ബോധവല്ക്കരണക്ലാസുകൾ<br>ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം<br>പോസ്റ്റർ രചന<br>അവതരണങ്ങൾ<br>ഐ സി ടി | 2 മാസം | അധ്യാപകർ<br>SMC<br>SRG<br>ആരോഗ്യ വകുപ്പ് |
| 4 | ശാസ്ത്രാവബോധം വളർത്തുക, ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ലഘുപരീക്ഷണങ്ങൾ<br>കുറിപ്പു തയ്യാറാക്കൽ<br>ശാസ്ത്രമാസികകൾ<br>ശാസ്ത്ര പ്രതിഭകളെ അറിയൽ<br>പാഠ ഭാഗവുമായി ബന്ധപെട്ട ഫീൽഡ് ട്രിപ്പുകൾ<br>ശാസ്ത്ര പഠന സാമഗ്രികൾ ഒരുക്കൽ<br>പഠനയാത്ര<br>വിസ്മയച്ചുവർ<br>ശാസ്ത്രോത്സവം സംഘടിപ്പിക്കൽ<br>ശാസ്ത്രമൂല തയ്യാറാക്കൽ<br>വാനനിരീക്ഷണം | 1 വർഷം | അധ്യാപകർ<br>SRG<br>SMC<br>BRC<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 5 | അപകടങ്ങളെക്കുറിച്ചും അപകടസാഹചര്യങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനും പ്രഥമ ശുശ്രൂഷാ മാർഗങ്ങൾ പരിശീലിപ്പിക്കുന്നതിനും | ബന്ധപ്പട്ട വകുപ്പുമായി ചേർന്ന് പ്രത്യേക പരിശീലനങ്ങൾ<br>പ്രഥമശുശ്രൂഷാക്ലാസുകൾ<br>അഭിമുഖം<br>ഫീൽഡ് ട്രിപ്പ്<br>പോസ്റ്റർ രചനമത്സരം<br>ദിനാചരണങ്ങൾ | 6 മാസം | അധ്യാപകർ<br>SRG<br>SMC<br>BRC<br>രക്ഷിതാക്കൾ<br>ബന്ധപ്പെട്ട വകുപ്പുകൾ |
| 6 | ഇന്ത്യ - കേരളം സമഗ്രമായ അറിവുകൾ നേടുന്നതിന് | ഭൂപടവായന<br>സൂചികാ നിർമ്മാണം<br>ദിനാചരണങ്ങൾ<br>സ്വാതന്ത്ര്യസമര നേതാക്കളെ അറിയൽ<br>ഐ സി ടി<br>അഭിമുഖം<br>പോസ്റ്റർ രചന<br>ഫീൽഡ് ട്രിപ്പുകൾ<br>മാതൃകകൾ തയ്യാറാക്കൽ<br>കളിപ്പെട്ടി<br>കലാരൂപങ്ങളുടെ പ്രദർശനം<br>ഡോക്യുമെന്ററി പ്രദർശനങ്ങൾ<br>സ്കൂൾ ലൈബ്രറി<br>സംവാദം<br>ക്വിസ് മത്സരങ്ങൾ<br>ജീവിതരേഖ തയ്യാറാക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>ബാലസഭ | 1 വർഷം | അധ്യാപകർ<br>SMC<br>SRG<br>വിദ്യാഭ്യാസ വിദഗ്ധർ<br>സ്വാതന്ത്ര്യ സമര സേനാനികൾ<br>രക്ഷിതാക്കൾ |

•